**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3604** **27-06-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ സർക്കാർ/എയിഡഡ് കോളേജുകളിൽ പുതിയ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിൽ ഏതെല്ലാം സർക്കാർ,എയ്ഡഡ് കോളേജുകളിലാണ് പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുള്ളതെന്നും അനുവദിച്ചിട്ടുള്ള കോഴ്സുകളും ഓരോന്നിനും അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണവും വ്യക്തമാക്കുമോ; | (എ) | 2021-22 വർഷത്തിൽ എയ്ഡഡ് കോളേജ് ആയ EMEA college of Arts and Science, Kondotty, Malappuram ന B Voc Islamic Finance (SF) (50 seats) എന്ന കോഴ്സ് 2022-23 അക്കാദമിക് വർഷത്തിൽ തുടങ്ങുന്നതിനുള്ള അനുമതി നൽകിയിരുന്നു . 2021-22 അക്കാദമിക് വർഷത്തിൽ എയ്ഡഡ് കോളേജ് ആയ Sullamussalam Science College, Areacode, Malappuram ന് BA Communication Media & History (Double Main) (40 seats) അനുവദിച്ചിരുന്നു .<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിച്ചിട്ടില്ല. |
| (ബി) | ജില്ലയിലെ പ്രസ്തുത കോളേജുകളിൽ ഈ അധ്യയന വർഷം പുതിയ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികളും, ജില്ലയിലെ എല്ലാ സർക്കാർ ,എയ്ഡഡ് കോളേജുകളിലും പുതിയ ഡിഗ്രി, പി. ജി. കോഴ്സുകൾ അനുവദിക്കുമോയെന്നും വിശദമാക്കുമോ; | (ബി) | പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അനുശാസിക്കുന്ന പ്രകാരമുള്ള അപേക്ഷ കോളേജ് പ്രിൻസിപ്പാളിൽ നിന്നും നിന്നും സർവകലാശാലയിൽ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടി സ്വീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ് . |
| (സി) | മലപ്പുറം ഗവണ്മെന്റ് കോളേജിൽ എം. എ. അറബിക്, മലപ്പുറം ഗവണ്മെന്റ് വനിതാ ആർട്സ് ആന്റ് സയൻസ് കോളേജിൽ എം.എ. ഇസ്ലാമിക് ഹിസ്റ്ററി എന്നീ പുതിയ പി.ജി കോഴ്സുകൾ ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (സി) | പുതിയ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അനുശാസിക്കുന്ന പ്രകാരമുള്ള അപേക്ഷ കോളേജ് പ്രിൻസിപ്പാളിൽ നിന്നും നിന്നും സർവകലാശാലയിൽ ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടി സ്വീകരിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ് . |

സെക്ഷൻ ഓഫീസർ